മാതൃഭൂമി

15 March 2018

# കാർഷിക മേഖല ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ സമ്പദ്ഘടനയുടെ ആണിക്കല്ല്

കൊച്ചി ▸ കാർഷിക, അനുബന്ധ മേഖലകളാണ് മിക്ക ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെയും സമ്പദ്ഘടനയുടെ ആണിക്കല്ലെന്ന് ആഫ്രിക്കൻ - ഏഷ്യൻ റൂറൽ ഡെവലപ്പ്മെൻറ് ഓർഗനൈസേഷൻ (എ.എ.ആർ.ഡി.ഒ.) സെക്രട്ടറി ജനറൽ വാസി ഹസൻ അൽ ഖ്രൈഷൻ പറഞ്ഞു. എ.എ.ആർ.ഡി.ഒയിൽ അംഗങ്ങളായ 13 രാജ്യങ്ങളിലെ പ്രതിനിധികളെ പരിശീലിപ്പിക്കുന്നതിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച രാജ്യാന്തര ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



▶ സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന ശില്പശാലയിൽ എ.എ.ആർ.ഡി.ഒ. സെക്രട്ടറി ജനറൽ വാസി ഹസൻ അൽ ഖ്രൈഷൻ സംസാരിക്കുന്നു

ദൈനംദിന പോഷകാഹാര ക്രമങ്ങളിൽ മത്സ്യത്തിൻെറ പ്രാധാന്യം വർധിച്ചുവരികയാണെന്ന് ശില്പശാല ഉദ്ഘാടനം ചെയ്ത കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എ.എ.ആർ.ഡി.ഒ. ഗവേഷണ വിഭാഗം മേധാവി ഡോ. ഖുഷ്നൂദ് അലി, ശില്പശാല കോഴ്സ് ഡയറക്ടർ ഡോ. ഇമൽഡ ജോസഫ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സോമി കുര്യാക്കോസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.